പ്രകാശവചനം ● അബൂദർറ് എടയൂർ

# അല്ലാഹുവിന്റെ കോപം ക്ഷണിച്ചുവരുത്തുന്നവർ

عَنْ أَبِي ذَرٍّ، عَنِ النَّبِيِّ ﷺ قَالَ: ثَلَاثَةٌ لاَ يُكَلِّمُهُمُ اللَّهُ يَوْمَ الْقِيَامَةِ: الْمَنَّانُ الَّذِي لَا يُعْطِي شَيْئًا إِلَّا مَنَّهُ، وَالْمُنْفِقُ سِلْعَتَهُ بِالْحَلِفِ الْفَاجِرِ، وَالْمُسْبِلُ إِزَارَهُ

അബൂദർറി(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: മൂന്ന് വിഭാഗം ആളുകളോട് അന്ത്യനാളിൽ അല്ലാഹു (സ്നേഹപൂർവം) സംസാരിക്കുകയില്ല. നൽകിയ സഹായം എടുത്തുപറയുന്ന ഔദാര്യവാൻ, കള്ളസത്യം മുഖേന ചരക്ക് വിറ്റഴിക്കുന്നവൻ, വസ്ത്രം വലിച്ചിഴക്കുന്നവൻ (മുസ്‌ലിം).

അല്ലാഹുവിന്റെ കോപത്തിന് വിധേയരാവുന്ന മൂന്ന് വിഭാഗം ആളുകളെയാണ് പ്രവാചകൻ ഇവിടെ പരിചയപ്പെടുത്തുന്നത്. ദാനധർമങ്ങളുടെ ഉദ്ദേശ്യം ദൈവപ്രീതിയായിരിക്കണം. എന്നാൽ, അത് ആളുകളെ തങ്ങളുടെ കീഴിൽ നിർത്താനും സ്വന്തം കാര്യങ്ങൾ നേടിയെടുക്കാനും അവരെ ദ്രോഹിക്കാനുമുള്ള ഒരു മാർഗമാക്കി മാറ്റുന്നവരാണ് ചിലരെങ്കിലും. അത്തരക്കാരെ അല്ലാഹു എത്രത്തോളം വെറുക്കുന്നു എന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു. ഔദാര്യങ്ങൾ എടുത്തുപറയാത്തവർക്കാണ് അല്ലാഹുവിങ്കൽ പ്രതിഫലമുള്ളത് (*അൽബഖറ* 262).

ന്യൂനതകൾ മറച്ചുവെച്ചും ഇല്ലാത്ത മേന്മകൾ എടുത്തുപറഞ്ഞും വസ്തുക്കൾ വിൽപന നടത്തുന്നവർ നമുക്ക് അപരിചിതരല്ല. അവരാണ് ഈ ഹദീസിൽ പറഞ്ഞ രണ്ടാം വിഭാഗം. താൽക്കാലിക ലാഭത്തിന് വേണ്ടി നടത്തുന്ന ഇത്തരം അഭ്യാസങ്ങൾ ദൈവത്തിന്റെ കാരുണ്യം തടയപ്പെടാനും അവന്റെ വെറുപ്പ് സമ്പാദിക്കാനും മാത്രമേ ഉപകാരപ്പെടൂ.

വസ്ത്രം വലിച്ചിഴക്കുക എന്നത് ഏറെ തെറ്റിദ്ധരിക്കപ്പെട്ട ഒന്നാണ്. ഞെരിയാണിയുടെ താഴെ വസ്ത്രം ഇറങ്ങുന്നത് നിരുപാധികം നിഷിദ്ധമാണെന്നും അത് നരക പ്രവേശത്തിന് കാരണമാകുമെന്നും ജനങ്ങളെ പഠിപ്പിക്കുകയും അക്കാര്യത്തിൽ കാർക്കശ്യം പുലർത്തുകയും ചെയ്യുന്ന ആളുകളെ നമുക്ക് കാണാം. വസ്ത്രത്തിന്റെ നീളം കുറക്കുക എന്നത് ഇസ്‌ലാമിന്റെ ചിഹ്നമായി അത്തരക്കാർ മനസ്സിലാക്കുന്നു. അതിനാൽ ആരുടെയെങ്കിലും ഞെരിയാണിയുടെ താഴെ വസ്ത്രമിറങ്ങിയിട്ടുണ്ടെങ്കിൽ അവന്റെ ദീനീബോധം ചോദ്യം ചെയ്യപ്പെടുന്നു. എന്നാൽ, എന്താണ് യാഥാർഥ്യം? അത് ഗ്രഹിക്കണമെങ്കിൽ ഈ വിഷയകമായി ഉദ്ധരിക്കപ്പെട്ടിട്ടുള്ള മുഴുവൻ ഹദീസുകളും മുന്നിൽ വെക്കുകയും ജീവിതത്തിലെ സാധാരണ കാര്യങ്ങളിൽ ഇസ്‌ലാമിക ശരീഅത്ത് നിർണയിച്ച ഉദ്ദേശ്യലക്ഷ്യങ്ങളുടെ വെളിച്ചത്തിൽ അവയെ വിശകലനം ചെയ്യുകയും വേണം. അല്ലാഹു വിശാലമാക്കിയ കാര്യങ്ങളെ കുടുസ്സാക്കാതിരിക്കാനും തീവ്രതകൾ ഉപേക്ഷിക്കാനും അത് സഹായിക്കും.

അഹങ്കാരമില്ലാതെ വസ്ത്രം വലിച്ചിഴക്കൽ എന്ന അധ്യായത്തിൽ ഇമാം ബുഖാരി ഉദ്ധരിക്കുന്നു: ഇബ്നു ഉമറിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "അഹങ്കാരത്തോടെ ആരെങ്കിലും വസ്ത്രം വലിച്ചിഴച്ചാൽ അന്ത്യനാളിൽ അല്ലാഹു അവനെ (കാരുണ്യത്തോടെ) നോക്കുകയില്ല." അബൂബക്ർ പറഞ്ഞു: "നിരന്തരം ശ്രദ്ധിച്ചില്ലെങ്കിൽ എന്റെ വസ്ത്രത്തിന്റെ ഒരു ഭാഗം താഴ്ന്നുകിടക്കാറുണ്ട്." നബി(സ) പറഞ്ഞു: "താങ്കൾ അങ്ങനെ ചെയ്യുന്നത് അഹങ്കാരത്തോടെയല്ലല്ലോ" (ബുഖാരി).

അബ്ദുല്ലാഹിബ്നു ഉമറിൽ നിന്ന്. നബി(സ) പറഞ്ഞു: "ഒരാൾ അഹന്തയോടെ തന്റെ തുണി നിലത്തിട്ടുവലിച്ച് കൊണ്ടിരിക്കെ അയാൾ ഭൂമിയിൽ ആഴ്ത്തപ്പെട്ടു. അന്ത്യനാൾ വരെ അയാൾ ഭൂമിയുടെ അഗാധതയിലേക്ക് താഴ്ന്നുകൊണ്ടേയിരിക്കും" (ബുഖാരി).

ഇബ്നു ഉമറിൽ നിന്ന് നിവേദനം. നബി(സ) ഇപ്രകാരം പറയുന്നത് ഞാനെന്റെ ഇരുചെവികളും കൊണ്ട് കേട്ടു: ഒരാൾ തന്റെ വസ്ത്രം വലിച്ചിഴക്കുന്നു; അഹങ്കാരം പ്രകടിപ്പിക്കുക മാത്രമാണ് അതിലൂടെ അവന്റെ ലക്ഷ്യം. എങ്കിൽ അന്ത്യനാളിൽ അല്ലാഹു അവനെ (കാരുണ്യപൂർവം) നോക്കുകയില്ല (മുസ്‌ലിം). ഇവിടെ അഹങ്കാരം എന്നത് വ്യാഖ്യാനത്തിന് പഴുതില്ലാത്ത വിധം ക്ലിപ്തപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്.

തുടക്കത്തിൽ ഉദ്ധരിച്ച ഹദീസിനെ വിശദീകരിച്ചുകൊണ്ട് ഇമാം നവവി പറയുന്നു: അഹങ്കാരത്തോടെ വസ്ത്രത്തിന്റെ അറ്റം വലിച്ചിഴക്കുന്നവനാണ് ഇവിടെ ഉദ്ദേശ്യം. വസ്ത്രം വലിച്ചിഴക്കുക എന്ന് സാമാന്യമായി പറഞ്ഞിടത്തെല്ലാം അഹങ്കാരത്തോടെ എന്ന ഉപാധിയുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട മറ്റു ഹദീസുകൾ പരിശോധിച്ചാൽ മനസ്സിലാവും. അഥവാ അഹങ്കാരപൂർവം വസ്ത്രം വലിച്ചിഴച്ചവരാണ് ഹദീസിൽ താക്കീത് നൽകപ്പെട്ട ശിക്ഷക്ക് വിധേയരാവുക. അബൂബക്റിനോടുള്ള പ്രവാചകന്റെ സംസാരത്തിൽ അത് വ്യക്തമാണ്. ഇബ്നു ഹജറും ഇതേ അഭിപ്രായം രേഖപ്പെടുത്തുന്നു. ഇബ്നു അബ്ദിൽ ബർറ് പറയുന്നു: അഹങ്കാരമില്ലാതെ വസ്ത്രം വലിച്ചിഴച്ചാൽ ഹദീസിൽ പറഞ്ഞ ശിക്ഷക്ക് അയാൾ വിധേയനാവില്ലെങ്കിലും അത് ആക്ഷേപാർഹമായ കാര്യമാണ് (*ഫത്ഹുൽബാരി*). സത്യത്തെയും ദൈവിക നിർദേശങ്ങളെയും അവമതിക്കുകയും ജനങ്ങളെ നിന്ദിക്കുകയും ചെയ്യലാണല്ലോ അഹങ്കാരം. അതിന്റെ സ്ഥാനം നരകമാണെന്ന് പ്രവാചകൻ തന്നെ വ്യക്തമാക്കിയത് ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്. ■